# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-219 27.06.2011- ൽ മറുപടിക്ക്**

## സുപ്രീം കോടതിയിൽ കേസ് വാദിക്കുന്നതിനുള്ള സംവിധാനം

<u>ചോദ്യം</u> **<u>ഉത്തരം</u>**

ശ്രീ. പി.എ. മാധവൻ

**ശ്രീ. കെ.എം. മാണി**
**(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | കേരള സർക്കാരിനുവേണ്ടി സുപ്രീം കോടതിയിൽ കേസുകൾ വാദിക്കുന്നതിനുള്ള സംവിധാന ക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ് ആന്റ് കൺടക്ട് ഓഫ് കേസസ്) റൂൾസിലെ 13-ാം ചട്ടം പ്രകാരം സർക്കാരിന് ഒന്നോ അതിൽ കൂടുതലോ അഭിഭാഷകരെ സുപ്രീം കോടതി സ്റ്റാന്റിംഗ് കൗൺസലായി നിയമിക്കാവുന്നതാണ്. ഇതു കൂടാതെ സീനിയർ അഭിഭാഷകരെ സുപ്രീം കോടതിയിൽ കേസ് നടത്തിപ്പിനായി പാനൽ അഭിഭാഷകരായി നിയോഗിക്കാറുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ കേസ് നടത്തുന്നതിന് ഈ പാനലിൽ ഉൾപ്പെടുന്നവർക്ക് പുറമേയുള്ള ചില മുതിർന്ന അഭിഭാഷകരെ ബന്ധപ്പെട്ട ഭരണ വകുപ്പ് നിയോഗിക്കാറുണ്ട്. |

| | | |
|---|---|---|
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് കേരളത്തിന്റെ കേസുകൾ വാദിക്കുന്നതിനായി ചുമതലപ്പെടുത്തിയവർ ആരെല്ലാമെന്ന് അറിയിക്കുമോ; | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ശ്രീ. പി.വി.ദിനേഷ്, ശ്രീ. ആർ. സതീഷ് , ശ്രീ. ജി. പ്രകാശ് എന്നീ അഭിഭാഷകർ സുപ്രീം കോടതി സ്റ്റാന്റിംഗ് കൗൺസലായി പ്രവർത്തിച്ചിരുന്നു. ഇതുകൂടാതെ താഴെപ്പറയുന്ന സീനിയർ അഭിഭാഷകർ സുപ്രീം കോടതി കേസ് നടത്തിപ്പിനായി പാനൽ അഭിഭാഷകരായി ഉണ്ടായിരുന്നു.<br>(1) അറ്റോർണി ജനറൽ<br>(2) സോളിസിറ്റർ ജനറൽ<br>(3) അഡീഷണൽ സോളിസിറ്റർ ജനറൽ<br>(4) ശ്രീ.കെ.കെ. വേണുഗോപാൽ<br>(5) ശ്രീ.എഫ്.എസ്. നരിമാൻ<br>(6) ശ്രീ.റ്റി.എൽ. വിശ്വനാഥ അയ്യർ<br>(7) ശ്രീ. ചന്ദ്രശേഖരദാസ്<br>(8) ശ്രീ.എൻ. നടരാജൻ<br>(9) ശ്രീ. കബിൽ സിബിൽ<br>(10) ശ്രീ. പരാശരൻ<br>(11) ശ്രീ. പി.പി. റാവു<br>(12) ശ്രീ. ബി. സെൻ<br>(13) ശ്രീ. എ.എസ്. സിംഗ്‌വി<br>(14)ശ്രീ. ഗോപാൽ സുബ്രഹ്മണ്യം<br>(15) ശ്രീ. പി.എ. മുഹമ്മദ്<br>(16) ശ്രീ. ജോൺ മാത്യു<br><br>മുൻ സർക്കാരിന്റെ കാലത്ത് താഴെ പറയുന്ന സീനിയർ അഭിഭാഷകരെ 288 കേസുകൾ വാദിക്കുന്നതിന് നിയോഗിച്ചിരുന്നു. ഇതിൽ സർക്കാർ അംഗീകൃത പാനലിലുള്ള ശ്രീമാൻമാരായ ടി.എൽ. വിശ്വനാഥ അയ്യർ, കെ. പരാശരൻ, പി.പി. റാവു, കെ. കെ. വേണുഗോപാൽ, ഗോപാൽ സുബ്രഹ്മണ്യം എന്നിവർ 156 കേസിലും ശ്രീമാൻമാരായ എം.എൽ. വർമ്മ, സി.എസ്.രാജൻ, സി.എസ്. വൈദ്യനാഥൻ, നാഗേശ്വര റാവു, പി. കൃഷ്ണമൂർത്തി, ജയദീപ് ഗുപ്ത, ജെ.സി.ഗുപ്ത, സോളി സൊറാബ്ജി, മരിയാർപ്പുതം, പരംജിത് സിങ് പട്‌വാലിയ, യശോബന്ത്ദാസ്, ടി.ആർ. അന്ത്യാർജ്ജുന, അരവിന്ദ് വി. സാവന്ത്, കെ.എൻ.ഭട്ട്, വി.ഗിരി, അനിൽ ദിവാൻ, ദിനേശ് ദ്വിവേദി, രാകേഷ് ദ്വിവേദി, വി. ശേഖർ, രാജു രാമചന്ദ്രൻ, അശോക്. എച്ച്. ദേശായി, രാജീവ്ധവാൻ, രജീന്ദ്ര സച്ചാർ, യു.വി. ലലിത്, അൽത്താഫ് അഹമ്മദ്, ജി.ഇ.വാഹ്ൻവദി, ശാന്തി ഭൂഷൺ, ആർ വെങ്കിട്ടരമണി, പരാഗ്. പി. |

| | | |
|---|---|---|
| | | തൃപാതി, കർപ്പക വിനായകം എന്നീ സീനിയർ അഭിഭാഷകർ 132 കേസുകളിലും വാദിക്കുന്നതിനുമായിട്ടാണ് നിയോഗിക്കപ്പെട്ടിരുന്നത്. മുൻ സർക്കാരിന്റെ കാലത്ത് കേരള ഹൈക്കോടതിയിൽ 13 സർക്കാർ കേസുകൾ വാദിക്കുന്ന തിനായി പുറത്തുനിന്നുള്ള സീനിയർ അഭിഭാഷകരെ നിയോഗിച്ചിരുന്നു. സീനിയർ അഭിഭാഷകരായ ശ്രീമാൻമാരായ എ. മജുംദാർ, അമരേന്ദ്ര ശരൺ, സി.എസ്. വൈദ്യനാഥൻ, നിദീഷ് ഗുപ്ത, ദേബി പ്രസാദ് പാൽ, ജയദീപ് ഗുപ്ത, ആർ.കെ. ആനന്ദ്, ആർ. വെങ്കിട്ട രമണി, രജീന്ദ്ര സച്ചാർ, അരവിന്ദ് പി. ദത്തർ എന്നിവരെയാണ് നിയോഗിച്ചിട്ടുള്ളത്. |
| (സി) | ഇവർക്കായി ഫീസിനത്തിൽ ഓരോ വർഷവും നൽകിയ തുകകൾ എത്രവീതമെന്ന് അറിയിക്കുമോ; | അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) | സുപ്രീം കോടതിയിൽ കേസുകൾ വാദിക്കാൻ സംവിധാനങ്ങൾ നിലവിലുള്ളപ്പോൾ മുൻ സർക്കാർ സ്വകാര്യ അഭിഭാഷകരെ നിയമിച്ചിരുന്നോ; | മുൻ സർക്കാരിന്റെ കാലത്ത് പാനലിനു പുറത്തുള്ള അഭിഭാഷകരെ നിയമിച്ചിരുന്നു. |
| (ഇ) | എങ്കിൽ ആരെല്ലാമാണ് കേസുകൾ വാദിച്ചതെന്നും എതെല്ലാം കേസുകളാണ് ഇവർ വാദിച്ചതെന്നും അറിയിക്കുമോ; | ശ്രീമാൻമാരായ എം.എൽ. വർമ്മ, സി.എസ്.രാജൻ, സി.എസ്. വൈദ്യനാഥൻ, നാഗേശ്വര റാവു, പി. കൃഷ്ണമൂർത്തി, ജയദീപ് ഗുപ്ത, ജെ.സി.ഗുപ്ത, സോളി സൊറാബ്ജി, മരിയാർപ്പുതം, പരംജിത്സിങ് പട്‌വാ ലിയ, യശോബന്ത്ദാസ്, ടി.ആർ. അന്ത്യാർജ്ജുന, അരവിന്ദ് വി. സാവന്ത്, കെ.എൻ.ഭട്ട്, വി.ഗിരി, അനിൽ ദിവാൻ, ദിനേശ് ദ്വിവേദി, രാകേഷ് ദ്വിവേദി, വി. ശേഖർ, രാജു രാമചന്ദ്രൻ, അശോക്. എച്ച്. ദേശായി രാജീവ്ധവാൻ, രജീന്ദ്ര സച്ചാർ, യു.വി.ലലിത്, അൽത്താഫ് അഹമ്മദ്, ജി.ഇ.വാഹ്ൻവദി, ശാന്തിഭൂഷൺ, |

| | | |
|---|---|---|
| | | ആർ. വെങ്കിട്ടരമണി, അരവിന്ദ്. പി. സാവന്ത്, ദിനേഷ് ദ്വിവേദി, രാകേഷ് ദ്വിവേദി, ബി. ശേഖർ, രാജു രാമചന്ദ്രൻ എന്നീ സീനിയർ അഭിഭാഷകരായിരുന്നു മുൻ സർക്കാരിന്റെ കാലത്ത് കേസ്സുകൾ വാദിച്ച പാനലിന് പുറത്തുള്ള അഭിഭാഷകർ. ഇവർ വാദിച്ച കേസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (എഫ്) | ഈ സ്വകാര്യ അഭിഭാഷകർക്ക് ഫീസായി എത്ര തുക വീതം നൽകിയെന്നും ഇനി എത്ര തുകവീതം നൽകാനുണ്ടെന്നും അറിയിക്കുമോ? | സ്വകാര്യ അഭിഭാഷകർക്ക് ഫീസായി നൽകിയ തുകയും ഇനി നൽകുവാനുള്ള തുകയും അനുബന്ധം III ആയി ചേർക്കുന്നു. |

**ഉത്തരവിൻ പ്രകാരം**

Rejani Antony

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്